"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ് - മലപ്പുറം ജില്ലയിലെ ഭൂരഹിതരായ പട്ടിക വർഗ്ഗക്കാർക്കുള്ള രണ്ടാം ഘട്ട നിക്ഷിപ്ത വനഭൂമി വിതരണത്തിനായി ചാലിയാർ ഗ്രാമ പഞ്ചായത്തിലെ കണ്ണൻകുണ്ട് ബീറ്റിലും, ചുങ്കത്തറ പഞ്ചായത്തിലെ നെല്ലിപ്പൊയിൽ കൊടീരി ബീറ്റിലും വിതരണത്തിനായി തയ്യാറാക്കിയിട്ടുള്ള 50 സെന്റ് വീതമുള്ള പ്ലോട്ടുകൾ, 20.07.2002 ലെ സ.ഉ (പി) 41/2002/പ.ജ.പ.വ.വി.വ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി വിതരണം ചെയ്യുന്നതിന് മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (ആർ) വകുപ്പ്**

സ.ഉ.(കൈ) നം.54/2026/RD തീയതി,തിരുവനന്തപുരം, 06-02-2026

പരാമർശം:- 1. സ.ഉ(പി)നം.41/2002/പ.ജ.പ.വ.വി.വ, തീയതി 20.07.2002.

2. മലപ്പുറം ജില്ലാ കളക്ടറുടെ 31.01.2025, 09.04.2025, 29.08.2025 തീയതികളിലെ DCMPM/1936/2018-C3 നമ്പർ കത്തുകൾ.

3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 21.05.2025, 27.09.2025 തീയതികളിലെ LR/1711/2021-LR(J8) നമ്പർ കത്തുകൾ.

ഉത്തരവ്

മലപ്പുറം ജില്ലയിലെ ഭൂരഹിതരായ പട്ടിക വർഗ്ഗക്കാർക്കുള്ള രണ്ടാം ഘട്ട നിക്ഷിപ്ത വനഭൂമി വിതരണത്തിനായി ചാലിയാർ ഗ്രാമ പഞ്ചായത്തിലെ കണ്ണൻകുണ്ട് ബീറ്റിലും, ചുങ്കത്തറ ഗ്രാമ പഞ്ചായത്തിലെ നെല്ലിപ്പൊയിൽ കൊടീരി ബീറ്റിലും വിതരണത്തിനായി തയ്യാറാക്കിയിട്ടുള്ള 50 സെന്റ് വീതമുള്ള പ്ലോട്ടുകൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതും ഭൂസമരത്തിൽ പങ്കെടുത്തവരുമായ 47 കുടുബങ്ങൾക്ക് നറുക്കെടുപ്പില്ലാതെ മുൻഗണന നൽകി വിതരണം ചെയ്യുന്നതിനും, ശേഷിക്കുന്ന ഭൂമി നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുമുള്ള അനുമതി നൽകണമെന്നഭ്യർത്ഥിച്ചുകൊണ്ട്

പരാമർശം (2) പ്രകാരം ജില്ല കളക്ടർ സർക്കാരിൽ ശുപാർശ സമർപ്പിച്ചു.

2. കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമി പതിച്ച് നൽകുന്നതിലേക്ക് അപേക്ഷിച്ചവർക്ക് കുറഞ്ഞത് ഒരു ഏക്കർ ഭൂമിയെങ്കിലും അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ജില്ലയിലെ വിവിധ പട്ടികവർഗ്ഗ കോളനിയിൽ നിന്നുള്ളവർ നിലമ്പൂർ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസറുടെ കാര്യാലയത്തിന് മുമ്പിൽ തുടങ്ങിയ അനിശ്ചിതകാല ഭൂസമരം 18.03.2024 ന് ജില്ലാ കളക്ടറുടെ ചേമ്പറിൽ നടന്ന ചർച്ചയെ തുടർന്ന് ഒത്തുതീർപ്പാക്കുകയും, ടി ചർച്ചയിൽ സമരക്കാർ മുന്നോട്ടുവെച്ച പ്രധാന ആവശ്യമായ സമരത്തിൽ പങ്കെടുത്ത എല്ലാ കുടുംബങ്ങൾക്കും കുറഞ്ഞത് 50 സെന്റ് ഭൂമിയെങ്കിലും നൽകണമെന്നത് ഉൾപ്പെടെയുള്ള ആവശ്യങ്ങൾ പരാമർശം (1) ഉത്തരവ് പ്രകാരം പരിഗണിക്കാമെന്ന് രേഖാമൂലം ഉറപ്പ് നൽകി സമരം ഒത്തുതീർപ്പാക്കുകയും ചെയ്തിരുന്നതായും പരാമർശം (2) പ്രകാരം ജില്ല കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. 25.01.2025 -ന് ചേർന്ന ഗുണഭോക്തൃ തിരിച്ചറിയൽ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലും, 15.03.2025-ന് ചേർന്ന റ്റി.ആർ.ഡി.എം ജില്ലാ മിഷൻ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുമാണ് പരാമർശം (2) പ്രകാരമുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതെന്നും ജില്ല കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. പരാമർശം (3) പ്രകാരം ലാന്റ് റവന്യൂ കമ്മീഷണറും പ്രസ്തുത പ്രൊപ്പോസൽ ശിപാർശ ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ ഭൂരഹിതരായ പട്ടിക വർഗ്ഗക്കാർക്കുള്ള രണ്ടാം ഘട്ട നിക്ഷിപ്ത വനഭൂമി വിതരണത്തിനായി ചാലിയാർ ഗ്രാമ പഞ്ചായത്തിലെ കണ്ണൻകുണ്ട് ബീറ്റിലും, ചുങ്കത്തറ പഞ്ചായത്തിലെ നെല്ലിപ്പൊയിൽ കൊടീരി ബീറ്റിലും വിതരണത്തിനായി തയ്യാറാക്കിയിട്ടുള്ള 50 സെന്റ് വീതമുള്ള പ്ലോട്ടുകൾ പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി വിതരണം ചെയ്യുന്നതിന് മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം ജി രാജമാണിക്കം

സെക്രട്ടറി

1.കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.

2.ജില്ലാ കളക്ടർ, മലപ്പുറം.

3.പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 3619)

4.ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

5.സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhuja K R
Date: 06-02-2026 15:00:08

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ് ന്

ബഹു.പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി.എസ് ന്

റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്

പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്.

വനം വന്യജീവി വകുപ്പിന്.